ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. ജെ2/3514 /(2) /2024 മെ.വി.വ.** **തീയതി: 21-11-2024**

**അനുബന്ധം എച്ച് 4 നോട്ടീസ്**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ വിവിധ മെഡിക്കൽ കോളേജുകളിൽ 2017 കാലയളവ് മുതൽ നഴ്സിംഗ് ഓഫീസർ/നഴ്സിംഗ് ഓഫീസർ ഗ്രേഡ് I തസ്തികയിൽ നിന്നും താഴെ പറയുന്ന ജീവനക്കാർ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുക വഴി ഇവർ ചട്ട ലംഘനം നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെടുകയും കേരള സിവിൽ സർവീസ് ചട്ടങ്ങൾക്കും പെരുമാറ്റ ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ചതിനാൽ ടിയാളുകൾക്ക് എതിരെ സർക്കാർ ചട്ടങ്ങൾക്ക് കീഴിൽ നിഷ്കർഷിച്ചിട്ടുള്ള പിരിച്ചുവിടൽ ഉൾപ്പെടെയുള്ള കടുത്ത ശിക്ഷാനടപടികൾ എടുക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് കുറ്റപത്രം കൈപ്പറ്റി 15 ദിവസങ്ങൾക്കുള്ളിൽ രേഖാമൂലം ബോധിപ്പിക്കുവാൻ ടിയാളുകളോട് ആവശ്യപ്പെടുകയും അല്ലാത്തപക്ഷം KS&SSR & 1960 KCS (Classification,control & appeal ) & സർക്കാർ സർക്കുലർ നം.83/20/ധന തീയതി: 30/12/2020 എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ടിയാളുകൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്ന് കാണിച്ച് കാരണം കാണിക്കൽ നോട്ടീസ്,കുറ്റാരോപണ മെമ്മോ, കുറ്റപത്രം എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമായ ടിയാളുകളുടെ മേൽവിലാസത്തിൽ ഈ ഓഫീസ് ഫയൽ നമ്പർ ജെ2/3514/2024/മെ.വി.വ തീയതി.28/05/2024, 22/06/2024 & 02/09/2024 എന്നിവ പ്രകാരം രജിസ്ട്രേഡ് തപാൽ മുഖേന അറിയിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത നോട്ടീസ്,കുറ്റാരോപണ മെമ്മോ, കുറ്റപത്രം എന്നിവ കൈപറ്റാതെ തിരികെ എത്തിയിട്ടുള്ളതും നാളിതുവരെ ആയിട്ടും വ്യക്തമായ കാരണം ബോധിപ്പിക്കുകയോ ജോലിയിൽ തിരികെ പ്രവേശിക്കുകയോ ചെയ്തിട്ടില്ലാത്തതുമായ താഴെ പറയുന്ന ജീവനക്കാർ ഈ നോട്ടീസ് പ്രസിദ്ധീകരിച്ചു 15 ദിവസത്തിനകം ടിയാളുകൾക്ക് എതിരെ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങളിൽ തൃപ്തികരമായ മറുപടി ലഭിച്ചില്ലെങ്കിൽ ടിയാളുകൾക്ക് ഈ വിഷയത്തിൽ ഇനിയൊന്നും ബോധിപ്പിക്കാൻ ഇല്ല എന്ന് നിഗമനത്തിൽ ടിയാളുകളെ സർവീസിൽ നിന്നും പിരിച്ചുവിടുന്നതിനുള്ള അന്തിമ നടപടികൾ സ്വീകരിക്കുന്നതാണ്. ടിയാളുകൾക്ക് എതിരായ കാരണം കാണിക്കൽ നോട്ടീസ്

അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഓഫീസ് പ്രവർത്തനസമയത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നേരിട്ടോ ആയത് അയക്കേണ്ട വ്യക്തമായ മേൽവിലാസം രേഖപ്പെടുത്തിയ അപേക്ഷ സമർപ്പിച്ചോ കൈപ്പറ്റാവുന്നതാണ്. ജീവനക്കാരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| Sl No | Name | Designation | Name of Office | Unauthorised absent from which date |
|---|---|---|---|---|
| 1 | LITTY JOSEPH | Nursing Officer | GMCH,Kottayam | 29.03.2019 |
| 2 | PRAMEELA M V | Nursing Officer | GMCH,Kottayam | 17.12.2018 |
| 3 | LAYA THOMAS | Nursing Officer | GMCH,Kottayam | 02.07.2017 |
| 4 | LIGI ELIAS | Nursing Officer | GMCH,Kottayam | 24.04.2023 |
| 5 | SHERMINA HASSANAR | Nursing Officer | GMCH,Kottayam | 03.11.2023 |
| 6 | VINCY CHERIAN | Nursing Officer | GMCH,Kottayam | 30.04.2023 |
| 7 | SUJO THOAMS | Nursing Officer | GMCH,Kottayam | 22.03.2024 |
| 8 | PRASANNA KUMARI | Nursing Officer | GMCH,Kottayam | 07.11.2023 |
| 9 | SABIN THOMAS | Nursing Officer | GMCH,Kottayam | 03.02.2023 |
| 10 | SHYNI P SONNY | Nursing Officer | GMCH,Kottayam | 17.03.2021 |
| 11 | GEORGE JOHN | Nursing Officer | GMCH,Kottayam | 15.02.2023 |
| 12 | PHILOMINA SHERIN LOPEZ | Nursing Officer | GMCH,Kottayam | 08.03.2023 |
| 13 | RESHMA MURALI | Nursing Officer | GMCH,Kottayam | 26.09.2022 |
| 14 | TANIA C PHILIP | Nursing Officer | GMCH,Kottayam | 23.10.2022 |
| 15 | ANU K R | Nursing Officer | Institute of child health,Kottayam | 24.08.2023 |
| 16 | Lekshmi S Nair | Nursing Officer | GMCH,Kottayam | 01-05-2021 |
| 17 | Juli Chacko | Nursing Officer Gr I | GMCH,Kottayam | 09-06-2023 |
| 18 | Bindhu Joseph | Nursing Officer | GMCH,Kottayam | 11-04-2022 |

Signed by
Thomas Mathew
Date: 21-11-2024 07:09:59

THOMAS MATHEW
DIRECTOR

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം−695011

കേരള സർക്കാർ

## മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

**നമ്പർ.ജെ2 /3514 /(4) /2024 മെ.വി.വ.** **തീയതി: 21-11-2024**

| Sl No | Name | Designation | Name of Office | Unauthorised absent from which date |
|---|---|---|---|---|
| 1 | LITTY JOSEPH | Nursing Officer | GMCH,Kottayam | 29.03.2019 |
| 2 | PRAMEELA M V | Nursing Officer | GMCH,Kottayam | 17.12.2018 |
| 3 | LAYA THOMAS | Nursing Officer | GMCH,Kottayam | 02.07.2017 |
| 4 | LIGI ELIAS | Nursing Officer | GMCH,Kottayam | 24.04.2023 |
| 5 | SHERMINA HASSANAR | Nursing Officer | GMCH,Kottayam | 03.11.2023 |
| 6 | VINCY CHERIAN | Nursing Officer | GMCH,Kottayam | 30.04.2023 |
| 7 | SUJO THOAMS | Nursing Officer | GMCH,Kottayam | 22.03.2024 |
| 8 | PRASANNA KUMARI | Nursing Officer | GMCH,Kottayam | 07.11.2023 |
| 9 | SABIN THOMAS | Nursing Officer | GMCH,Kottayam | 03.02.2023 |
| 10 | SHYNI P SONNY | Nursing Officer | GMCH,Kottayam | 17.03.2021 |
| 11 | GEORGE JOHN | Nursing Officer | GMCH,Kottayam | 15.02.2023 |
| 12 | PHILOMINA SHERIN LOPEZ | Nursing Officer | GMCH,Kottayam | 08.03.2023 |
| 13 | RESHMA MURALI | Nursing Officer | GMCH,Kottayam | 26.09.2022 |
| 14 | TANIA C PHILIP | Nursing Officer | GMCH,Kottayam | 23.10.2022 |
| 15 | ANU K R | Nursing Officer | Institute of child health,Kottayam | 24.08.2023 |
| 16 | Lekshmi S Nair | Nursing Officer | GMCH,Kottayam | 01-05-2021 |
| 17 | Juli Chacko | Nursing Officer Gr I | GMCH,Kottayam | 09-06-2023 |
| 18 | Bindhu Joseph | Nursing Officer | GMCH,Kottayam | 11-04-2022 |

Signed by
Thomas Mathew
Date: 21-11-2024 07:10:45

THOMAS MATHEW
DIRECTOR

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ.ജെ2 / 3514/2024 / മെ.വി.വ.** **തീയതി: 02-09-2024**

**കുറ്റപത്രം**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നഴ്സിംഗ് ഓഫീസർ/നഴ്സിംഗ് ഓഫീസർ ഗ്രേഡ് I തസ്തികയിൽ ജോലി ചെയ്തുവരവെ അനധികൃത അവധിയിൽ പ്രവേശിച്ച താങ്കൾക്ക് 15 ദിവസത്തിനകം ഹാജരാകാൻ നോട്ടീസ് നൽകിയെങ്കിലും താങ്കൾ ഹാജരാകുകയോ തൃപ്തികരമായ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഉത്തരവാദപെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥൻ എന്ന നിലയിൽ താങ്കളുടെ ഈ നടപടി ഗുരുതരമായ അച്ചടക്ക ലംഘനവും സർവീസ് ചട്ടങ്ങൾക്ക് വിരുദ്ധവുമാണ്.

കേരള സിവിൽ സർവിസ് ചട്ടങ്ങൾക്കും പെരുമാറ്റ ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ചതിനാൽ താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് അല്ലെങ്കിൽ കേരളസർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960, അതുമല്ലെങ്കിൽ നിർദേശിക്കാവുന്ന പ്രകാരം ബാധകമാക്കുന്ന മറ്റു ചട്ടങ്ങൾക്ക് കീഴിൽ ഉദ്ദേശിക്കുന്ന പ്രകാരമുള്ള ശിക്ഷണ നടപടി എടുക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയതു രേഖാമൂലം സമർപ്പിക്കുന്നതിനു താങ്കളോട് ആവശ്യപ്പെടുന്നു. താങ്കൾക്ക് പ്രതിവാദപത്രിക നൽകുന്നതിനായി ഈ കുറ്റാരോപണ പത്രിക ലഭിക്കുന്ന തീയതി മുതൽ 15 ദിവസം വരെയുള്ള സമയം അനുവദിച്ചിരിക്കുന്നു. നിശ്ചിത സമയ പരിധിക്കുള്ളിൽ മറുപടി ലഭിക്കുന്നില്ലയെങ്കിൽ ടി വിഷയത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ലയെന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. താങ്കളെ നേരിട്ട് കേൾക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ആയതു അറിയിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമായ രേഖകൾ പരിശോധിക്കാനുണ്ടെങ്കിൽ അതിനു രേഖാമൂലം, പ്രതിവാദപത്രിക സമർപ്പിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള ദിവസത്തിനുള്ളിൽ ആവശ്യപ്പെട്ടാൽ അവസരം നൽകുന്നതാണ്.

മേൽ പറഞ്ഞ കുറ്റത്തിന് ആധാരമായ ആരോപണപത്രിക ഇതോടപ്പം ചേർക്കുന്നു.

Signed by
Thomas Mathew
Date: 02-09-2024 06:46:06

THOMAS MATHEW
DIRECTOR

സ്വീകർത്താവ്:

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ. ജെ2/ 3514/2024 / മെ.വി.വ.** **തീയതി: 02-09-2024**

**കുറ്റാരോപണ പത്രിക**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നഴ്സിംഗ് ഓഫീസർ/നഴ്സിംഗ് ഓഫീസർ ഗ്രേഡ് I തസ്തികയിൽ ജോലി ചെയ്തുവരവെ അനധികൃത അവധിയിൽ പ്രവേശിച്ച താങ്കൾക്ക് 15 ദിവസത്തിനകം ഹാജരാകാൻ നോട്ടീസ് നൽകിയെങ്കിലും താങ്കൾ ഹാജരാകുകയോ തൃപ്തികരമായ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

ഉത്തരവാദിത്വമുള്ള സർക്കാർ ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥൻ എന്ന നിലയിൽ അനധികൃതമായി ജോലിയിൽനിന്നും വിട്ടുനിന്ന താങ്കളുടെ നടപടി ഗുരുതരമായ അച്ചടക്ക ലംഘനവും സർവീസ് പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധവുമാണ്. ആകയാൽ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയെന്ന കുറ്റം താങ്കൾ ചെയ്തതിൻറെ അടിസ്ഥാനത്തിൽ താങ്കൾക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ താങ്കൾക്കെതിരെ കുറ്റപത്രം പുറപ്പെടുവിക്കുന്നു.

Signed by
Thomas Mathew
Date: 02-09-2024 06:46:54

THOMAS MATHEW
DIRECTOR

സ്വീകർത്താവ്: